'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-20-06-2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനങ്ങൾ - വടകര ബ്ലോക്ക് പഞ്ചായത്ത് - ഊരാളുങ്കൽ ലേബർ കോൺ ട്രാക്ട് സൊസൈറ്റിയുടെ "മടിത്തട്ട്" എന്ന സ്ഥാപനത്തിന് ബ്ലോക്ക് പഞ്ചായത്തിന്റേയും ബ്ലോക്ക് പരിധിയിലെ നാല് ഗ്രാമ പഞ്ചായത്തുകളുടേയും വയോജനക്ഷേമത്തിനുള്ള പദ്ധതി വിഹിതം കൈമാറുന്ന പദ്ധതി -നിബന്ധനകളോടെ അനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

G.O.(Rt)No.1449/2019/LSGD തീയതി,തിരുവനന്തപുരം, 11/07/2019

---

പരാമർശം:- 1 വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 19.08.2018, 29.10.2018 തീയതികളിലെ കത്തുകൾ

2 ഗ്രാമവികസന കമ്മീഷണറുടെ 21.02.2019-ലെ ഡി.പി.4-160/2019/സി.ആർ.ഡി നമ്പർ കത്ത്

3 27.02.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ 4.27-ാം നമ്പർ തീരുമാനത്തിന്റെ തുടർച്ചയായി 20.06.2019-ലെ കോഓർഡിനേഷൻ സമിതി യോഗം കൈക്കൊണ്ട തീരുമാനം

**ഉത്തരവ്**

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ നേതൃത്വത്തിൽ വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ആരംഭിച്ച വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രമായ 'മടിത്തട്ട്'-ന്റെ പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തിന്റെയും ബ്ലോക്ക് പരിധിയിലെ ഏറാമല, അഴിയൂർ, ചെറോട്, ഒഞ്ചിയം എന്നീ 4 ഗ്രാമ പഞ്ചായത്തുകളുടെയും വയോജന ക്ഷേമത്തിനുള്ള പദ്ധതി തുകയിൽ നിന്ന് വിഹിതം നൽകാൻ പ്രത്യേക അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നു. 27.02.2019-ലെ കോഓർഡിനേഷൻ സമിതിയോഗം ഇക്കാര്യത്തിൽ ഗ്രാമവികസന കമ്മീഷണറിൽ നിന്നും റിപ്പോർട്ട് തേടാൻ തീരുമാനിച്ചു. ഇതിൻ പ്രകാരം ഗ്രാമവികസന കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് 20.06.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി പരിഗണിക്കുകയുണ്ടായി.

2. വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ നേതൃത്വത്തിലുള്ള വയോജനങ്ങളുടെ പകൽ വിശ്രമ കേന്ദ്രം സർക്കാർ ലക്ഷ്യത്തിന് തുല്യം നിൽക്കുന്ന പദ്ധതിയാണെന്നും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വയോജനങ്ങൾക്ക് അവരുടെ ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്ന വിധത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെയും 4 ഗ്രാമപഞ്ചായത്തുകളുടെയും വയോജനങ്ങൾക്കുള്ള 5 % പദ്ധതി തുക ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 'മടിത്തട്ട്' എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായവും പശ്ചാത്തല സൗകര്യവും ഉപയോഗപ്പെടുത്തി സംയുക്ത പ്രോജക്ടായി നടപ്പാക്കാൻ പ്രത്യേക അനുമതി നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിൽ പദ്ധതിയിലെ സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ടവ സി.ഡി.പി.ഒ.യും ആരോഗ്യ മേഖലയിലെ ഘടകങ്ങൾ മെഡിക്കൽ ഓഫീസറും,മറ്റ് പ്രവൃത്തികൾ ഉണ്ടെങ്കിൽ അതത് മേഖലയിലെ ഉദ്യോഗസ്ഥരും നിർവ്വഹണം നടത്തണം എന്ന നിബന്ധനയോടെ പദ്ധതിയ്ക്ക് അനുമതി നൽകാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയുണ്ടായി.

3. 20.06.2019-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം 3 തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, വടകര ബ്ലോക്ക് പഞ്ചായത്തിന്റെ വയോജന ക്ഷേമത്തിനുള്ള പദ്ധതി വിഹിതത്തിൽ നിന്നും 10 ലക്ഷം രൂപയും ബ്ലോക്ക് പരിധിയിലെ ഏറാമല, അഴിയൂർ, ചെറോട്, ഒഞ്ചിയം എന്നീ 4 ഗ്രാമ പഞ്ചായത്തുകളുടെ വിഹിതമായി 45.90 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 55.90 ലക്ഷം രൂപ വകയിരുത്തി ടി തുക, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ നേതൃത്വത്തിൽ വടകര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ആരംഭിച്ച 'മടിത്തട്ട്' എന്ന വയോജനങ്ങൾക്കുള്ള പകൽ വിശ്രമ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് കൈമാറാനുള്ള സംയുക്ത പ്രൊജക്റ്റിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

4.പദ്ധതിയിലെ സാമൂഹ്യ ക്ഷേമവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ സി.ഡി.പി.ഒ.യും ആരോഗ്യ മേഖലയിലെ ഘടകങ്ങൾ മെഡിക്കൽ ഓഫീസറും നിർവ്വഹണം നടത്തേണ്ടതും മറ്റ് പ്രവൃത്തികൾ ഉണ്ടെങ്കിൽ അതത് മേഖലയിലെ ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥർ ആയിരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MINIMOL ABRAHAM

ADDITIONAL SECRETARY

പകർപ്പ്

പ്രസിഡന്റ്/സെക്രട്ടറി, വടകര ബ്ലോക്ക് പഞ്ചായത്ത്

പ്രസിഡന്റ്/സെക്രട്ടറി, ഏറാമല/അഴിയൂർ/ചെറോട്/ ഒഞ്ചിയം ഗ്രാമപഞ്ചായത്തുകൾ

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ)വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ